**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 286** | **27-01-2026 - ൽ മറുപടിയ്ക്ക്**

**വണ്ടൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | 2020-2021 സാമ്പത്തിക വർഷം മുതൽ നാളിതു വരെ വണ്ടൂർ നിയോജക മണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ വികസന പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ? | (എ) | റേഷൻകട വൈവിധ്യവത്കരണത്തിന്റെ ഭാഗമായി, സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തെ ശക്തിപ്പെടുത്തുന്നതിനും റേഷൻ കടകളിൽ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനും റേഷൻ കട ലൈസൻസികൾക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിലവിൽ റേഷൻ കടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ സപ്ലൈക്കോയുടെ ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ്, വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ (MSME )ഉൽപ്പാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ എന്നിവ കെ-സ്റ്റോറുകളിൽ ലഭ്യമാണ്. കൂടാതെ CSC രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കെ-സ്റ്റോറുകളിൽ നിന്നും 10,000- രൂപ വരെ AEPS (Adhaar Enabled Payment System) മുഖേന പിൻവലിക്കുന്നതിനും നിക്ഷേപിക്കുന്നതിനുമുള്ള മിനി ബാങ്കിങ് സംവിധാനം, യൂട്ടിലിറ്റി ബിൽ പേയ്മെന്റ് , ടിക്കറ്റ് ബുക്കിംഗ് എന്നീ സകര്യങ്ങളും ലഭ്യമാണ്.<br><br>2020-2021 സാമ്പത്തിക വർഷം മുതൽ നാളിതുവരെ വണ്ടൂർ നിയോജക മണ്ഡലത്തിൽ ആകെ 7 റേഷൻ കടകൾ കെ-സ്റ്റോർ ആക്കി മാറ്റിയിട്ടുണ്ട്. FPS 2052024, 2052052, 2052127, 2052129, 2052140, 2052222, 2052225 എന്നീ റേഷൻ കടകളിലാണ് കെ-സ്റ്റോർ അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ